പോലീസ് വകുപ്പിലെ വനിത പോലീസ് കോൺസ്റ്റബിൾ (SR for ST only) തസ്തികയുടെ (Cat. No. 507/2023) ശാരീരിക അളവെടുപ്പും കായിക ക്ഷമതാ പരീക്ഷയും 2025 ജനുവരി മാസം 21, 22, 23 തീയതികളിൽ രാവിലെ 05:30 മണിക്ക് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി. ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി വിവരം സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ, മൊബൈൽ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, അസ്സൽ തിരിച്ചറിയൽ രേഖ എന്നിവയുമായി രാവിലെ 05.30ന് തന്നെ ഗ്രൗണ്ടിൽ ഹാജരാകേണ്ടതാണ്. കായിക ക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പ്രമാണ പരിശോധന അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് പി.എസ്.സി യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം ആയത് സഹിതം ഹാജരാകേണ്ടതാണ്.